പോലീസ് കേരളം വകുപ്പ്

**No. E1-34367/2018/CC**

സിറ്റി പോലീസ് ഓഫീസ്,
കോഴിക്കോട്
cpkkd.pol@kerala.gov.in
04952722673
തീയതി. 27-06-2018

**ദർഘാസ് പരസ്യം NO.02/2018**

കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ സ്പാർക്ക് ബന്ധിത ബയോമെടിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിനായി വിവിധ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടർ ഫോറത്തിൽ ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ പ്രകാരമുള്ള ബയോമെടിക് പഞ്ചിംഗ് മെഷീനിൻറെ വിവരങ്ങൾ രേഖപ്പെടുത്തി "കോഴിക്കോട് സിറ്റി ജില്ലാ പോലീസ് - ബയോമെടിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച്" എന്ന് രേഖപ്പെടുത്തിയ മുദ്രവെച്ച കവറിൽ ഉള്ളടക്കം ചെയ്ത ടെണ്ടർ ഫോറം 10/07/2018 തീയ്യതി വൈകുന്നേരം 05.00 മണിക്ക് മുൻപായി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം, കോഴിക്കോട് സിറ്റി, മാനാഞ്ചിറ, കോഴിക്കോട് - 673001 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ടെണ്ടർ അപേക്ഷകൾ ടെണ്ടർ നൽകിയ വ്യക്തികളുടെയോ അവർ ചുമതലപ്പെടുത്തുന്ന വ്യക്തികളുടെയോ സാന്നിധ്യത്തിൽ 16/07/2018 തീയ്യതി 03.00 മണിക്ക് ജില്ലാ പോലീസ് ഓഫീസിൽ വച്ച് തുറക്കുന്നതായിരിക്കും.

ടെണ്ടറിൽ പങ്കെടുക്കാൻ താത്പര്യമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും Rs.675/- രൂപ (നികുതി അടക്കം) ട്രഷറിയിൽ അടച്ചതിൻറെ അസ്സൽ ചലാൻ സഹിതം ടെണ്ടർ ഫോറം സമർപ്പിക്കാവുന്നതാണ്. ടെണ്ടർ ഫോറം ആവശ്യമുള്ളവർ ഇൻററർനെറ്റിൽ നിന്നും ഡൌൺലോഡ് ചെയ്ത് എടുക്കേണ്ടതാണ്.

**ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിനുണ്ടായിരിക്കേണ്ട സവിശേഷതകൾ :-**

1. പഞ്ചിംഗ് മെഷീനുകൾ സ്പാർക്കുമായി ബന്ധിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ളതായിരിക്കണം.
2. ഭാവിയിൽ ആധാറുമായി ബന്ധപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ളതായിരിക്കണം.
3. 80 - തിലധികം ജീവനക്കാരുടെ ഹാജർ വിവരങ്ങൾ റിക്കാർഡ് ചെയ്യാവുന്നതായിരിക്കണം.
4. എല്ലാ തരം ജീവനക്കാരെയും ഉൾപ്പെടുത്താൻ സാധിക്കുന്ന തരത്തിലുള്ളതായിരിക്കണം.

**നിബന്ധനകൾ:-**

1.ടെണ്ടറിൽ പങ്കെടുക്കുന്നവർ ഓരോ ടെണ്ടറിനും പ്രസ്തുത ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയുടെ 01 % ഏണസ്റ്റ്മണി ഡെപ്പോസിറ്റ് (EMD) ആയി ജില്ലാ പോലീസ് ഓഫീസിൽ പണമായോ അല്ലെങ്കിൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ ഡി.ഡി ആയോ അടയ്ക്കേണ്ടതാണ്.

2.ടെണ്ടർ ലഭിക്കുന്നവർ Rs.200/- രൂപയുടെ മുദ്രപ്പത്രത്തിൽ ധാരണാപത്രം സമർപ്പിക്കേണ്ടതാണ്.

3.ടെണ്ടർ സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് കോഴിക്കോട് സിറ്റി ജില്ലാ പോലീസ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

4.കാരണം ബോധിപ്പിക്കാതെ ടെണ്ടർ നടപടിക്രമങ്ങൾ റദ്ദ് ചെയ്യാനുള്ള അവകാശം കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ് .



ഗോപാലകൃഷ്ണൻ

ജൂനിയർ സൂപ്രണ്ട്

For District Police Chief

പകർപ്പ് : 1.എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും പ്രസിദ്ധീകരണത്തിനായി 2.കോഴിക്കോട് സിറ്റിയിലെ എല്ലാ എ.സി.പി, എസ്.എച്ച്.ഒ, സബ് ഇൻസ്പെക്ടർ മാർക്കും അറിവിലേക്കും പ്രസിദ്ധീകരണത്തിനുമായി. 3.കോഴിക്കോട് ഉത്തരമേഖല അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ അവർകൾക്കും കണ്ണൂർ റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ അവർകൾക്കും അറിവിലേക്കായി (പേരുവെച്ച കവറിൽ) 4.കോഴിക്കോട് സിറ്റി സൈബർ സെല്ലിന് പോലീസ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി. 5.നോട്ടീസ് ബോർഡ്